പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3016 03. 04. 2013- ലെ മറുപടി

പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. എ.റ്റി. ജോർജ്<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) പ്രവാസി പുനരധിവാസ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദമാക്കുമോ;<br><br>(ബി) പ്രവാസികൾ അവരുടെ സമ്പാദ്യം ഉപയോഗിച്ച് സ്വയംതൊഴിൽ പദ്ധതികളും വികസനോന്മുഖമായ മറ്റു ചെറുകിട വ്യവസായങ്ങളും ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;<br><br>(സി)ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (എ, ബി & സി) തിരികെയെത്തിയ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസി മലയാളികൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ ധനസഹായവും ലഭ്യമാക്കുന്നതിന് വേണ്ടി ഒരു സഹായകകേന്ദ്രമായി പ്രവർത്തിച്ച് വിജയകരമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് മൂലധന സബ്സിഡി വഴി സർക്കാർ സഹായം ലഭ്യമാക്കുന്നതിനായി പ്രവാസി പുനരധിവാസ പദ്ധതി കെ.എഫ്.സി, എസ്.ബി.റ്റി. , കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ട്.പരമാവധി 20 ലക്ഷം രൂപ വരെയുള്ള പ്രോജക്ടുകൾക്ക് പരമാവധി 10% മൂലധന സബ്സിഡി യാണ് നൽകാൻ തീരുമാനമായിട്ടുള്ളത്. |
| (ഡി) പദ്ധതി സംബന്ധിച്ച് പ്രവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) കേരള ഫൈനാൻഷ്യൽ കോർപ്പറേഷൻ , എസ്.ബി.റ്റി. , കെ. എസ്. എഫ്. ഇ., കെ. എസ്. ഐ. ഡി. സി., തുടങ്ങിയവ മുഖാന്തിരമാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കാനുള്ള അന്തിമ രൂപരേഖ തയ്യാറായിവരുന്നതേയുള്ളൂ. ആയത് പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി സംബന്ധിച്ച് പ്രവാസികൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ